**കേരള സർക്കാർ**
**ധനകാര്യ(എച്ച്.ബി.എ) വകുപ്പ്**
**സർക്കുലർ**

**നം.18/2018/ധന**

**തിരുവനന്തപുരം**
**തീയതി,09/03/2018**

വിഷയം: സർക്കാർ ജീവനക്കാർക്കും അധ്യാപകർക്കുമുള്ള ഭവന നിർമ്മാണ വായ്പ-2017-18 ലെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നുള്ള ഒന്നാം ഘട്ട അലോട്ട്മെന്റ്-ഭവന നിർമ്മാണ വായ്പ തുക കൈപ്പറ്റുന്നതിനുള്ള തീയതി ദീർഘിപ്പിക്കുന്നത്-നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

സൂചന :
1) 12/11/2009 തീയതിയിലെ ജി.ഒ.(പി) നം.505/2009/ധന.
2) 21/10/2017 തീയതിയിലെ 150/എച്ച്.ബി.എ2/2017/ധന നമ്പർ അലോട്ട്മെന്റ് കത്ത്.
3) 08/01/2018 ലെ സർക്കുലർ നം.04/2018/ധന.
4) കൊല്ലം കളക്ടറേറ്റിൽ നിന്നുള്ള 28/02/2018 ലെ എ7-61177/18 നമ്പർ കത്ത്.
5) തൊഴിലധിഷ്ഠിത ഹയർസെക്കന്ററി വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ നിന്നുള്ള 24/02/2018 ലെ എഫ്/5813/2017 നമ്പർ കത്ത്

സൂചന 3 ലെ സർക്കുലർ പ്രകാരം 2017-18 ൽ ഒന്നാം ഘട്ട അലോട്ട്മെന്റ് പ്രകാരം വിവിധ വകുപ്പുകളിലേക്ക് അലോട്ട് ചെയ്ത ഭവന നിർമ്മാണ വായ്പാ തുക കൈപ്പറ്റുന്നതിനുള്ള തീയതി 28/02/2018 -ൽ അവസാനിച്ചിട്ടുള്ളതാണ്. ടി തീയതിക്കകം ഭവന നിർമ്മാണ വായ്പാ തുക കൈപ്പറ്റുവാൻ കഴിഞ്ഞിട്ടില്ലായെന്ന് സൂചന 4-ഉം 5-ഉം പ്രകാരം സർക്കാരിനെ അറിയിച്ചിട്ടുള്ളതാണ്. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ 2017-18 സാമ്പത്തിക വർഷത്തെ ഒന്നാം ഘട്ട ഭവന നിർമ്മാണ വായ്പാ തുക കൈപ്പറ്റുന്നത് **31/03/2018** വരെ ദീർഘിപ്പിച്ചതായി അറിയിക്കുന്നു. ആവശ്യമെങ്കിൽ എല്ലാ വകുപ്പ് തലവൻമാരും ഭവന വായ്പ അനുവദിക്കുന്ന അധികാരികളും വ്യകതിഗത ഉത്തരവ്/നടപടിക്രമം പുറപ്പെടുവിക്കുകയും 31/03/2018-നകം വായ്പാ തുക പിൻവലിച്ചിരിക്കണം എന്ന് ഉറപ്പുവരുത്തുകയും ചെയ്യണം. വായ്പാ തുക ടി തീയതിക്കകം പിൻവലിച്ചിട്ടില്ലെങ്കിൽ ആയത് സർക്കാരിലേക്ക് സറണ്ടർ ചെയ്യുകയും വേണം. അലോട്ട്മെന്റ് കത്തിൽ ഉൾകൊള്ളിച്ച കൺസോളിഡേറ്റഡ് സ്റ്റേറ്റ്മെന്റ് സർക്കാരിലേക്ക് അയച്ചുനൽകുകയും വേണം.

**വി.രാജപ്പൻ**
ധനകാര്യ സ്പെഷ്യൽ സെക്രട്ടറി

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ജി&എസ്.എസ്.എ) കേരള, തിരുവനന്തപുരം.
2. അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ) കേരള തിരുവനന്തപുരം.
3. ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് ട്രഷറി, തിരുവനന്തപുരം.
4. എല്ലാ വകുപ്പ്/ഓഫീസ് തലവൻമാർക്കും.
5. എല്ലാ ജില്ലാ കളക്ടർമാർക്കും
6. നോഡൽ ഓഫീസർ,വെബ്സൈറ്റ്,ഫിനാൻസ് (www.finance.kerala.gov.in)
7. കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ